## പ്രൊഫ. സി. എം.

(1-ാം പേജിൽനിന്നും തുടർച്ച)

യിൽ, ഐസക്ക് തോമസ് ഉള്ളാട്ടിൽ, എം. സി. ചെറിയാൻ മാളിയേക്കൽ, എബ്രഹാം പി. ജേക്കബ് പുകടിയിൽ, എം. സി. കരുവിള മണലേൽ, കെ ഐ. ബേബി കന്നുംപുറത്ത്, തോമസ് പോൾ കല്ലൂർ, കെ. സി. കരുവിള പാലത്തിൽ, അഡ്വ സാജൻ വർഗീസ് പുത്തൻപറമ്പിൽ, പ്രൊഫ. കെ. സി. ജോർജ് കാക്കരോത്ത്, എന്നിവരാണ് പുതിയ കമ്മററിയംഗങ്ങൾ.

മാമ്മൻ വറുഗീസ് (മനോരമ), സി. ചെറിയാൻ വല്യപറമ്പിൽ എന്നിവർ പള്ളി പ്രതിപുരുഷന്മാരായും എം. എ സ്റ്റീഫൻ (സി എ) ഓഡിററായും തിരഞ്ഞെടുക്കപ്പെട്ടു.

ഫാ. സ്റ്റീഫൻ, ഫാ. പുന്നൂസ് കൊച്ചേട്ടു് എന്നിവരാണ് സഹവികാരിമാർ.




ഡേവിഡ് രാംനാഥ്
ചിക്കാഗോ

## ഭാരവാഹികൾ

തിരുവല്ലാ: മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് വിദ്യാർത്ഥി പ്രസ്ഥാനം തിരുവല്ലാ മാർത്തോമ്മാ കോളേജ് യൂണിററ് ഭാരവാഹികളായി ഡോ: എം. ഐ. ആൻഡ്രൂസ് (പ്രസിഡൻറ്) വർഗീസ് ചെറിയാൻ, ഷീലാ ചെറിയാൻ (സെക്രട്ടറിമാർ) എന്നിവരെ തിരഞ്ഞെടുത്തു.

## ഭാരവാഹികളെ തിരഞ്ഞെടുത്തു

കറുകച്ചാൽ: പനയമ്പാല സെൻറ് മേരീസ് ഓർത്തഡോക്സ് യുവജന പ്രസ്ഥാനത്തിൻെറ പുതിയ ഭാരവാഹികളെ പ്രസിഡൻറ് ഫാ. നൈനാൻ വറുഗീസിൻെറ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം തിരഞ്ഞെടുത്തു. കര്യൻ വർക്കി വൈസ് പ്രസിഡണ്ടൻറ്, സാജൻ ജേക്കബ് സെക്രട്ടറി, സതീഷ്, ജോർജ് ജോ. സെക്രട്ടറി, സുരേഷ് കെ. ഈശോ ട്രഷറാർ, വിജു കെ. ജോബ്, സന്തോഷ് വറുഗീസ് എന്നിവരെ ലൈബ്രേറിയന്മാരായും, വിനോദ് ജോബ്, ബോബി കര്യൻ, ജോഷി ജേക്കബ് എന്നിവരെ കമ്മററിയംഗങ്ങളായും യോഗം ഐക്യകണ്ഠേന തിരെഞ്ഞെടുത്തു തുടന്ന് പുതിയ ഭാരവാഹികളെ അനുമോദിച്ചുകൊണ്ട് മുൻ സെക്രട്ടറി സുനിൽ കെ. ഈശോ പ്രസംഗിച്ചു.

## ഡോ. ചന്ദനപ്പള്ളി

(1-ാം പേജിൽനിന്നും തുടർച്ച)

ഓർത്തഡോക്സ് ഹെറാൾഡിൻെറ ഓണററി ചീഫ് എഡിറററായി സേവനം അനുഷ്ഠിക്കുന്ന ഇദ്ദേഹം ഇപ്പോൾ പത്തനംതിട്ട കാതോലിക്കേററ് കോളേജ് മലയാളം വിഭാഗം പ്രൊഫസറാണ്.

സർവ്വകലാശാലാതലത്തിൽ പാഠ്യവിഷയമായിട്ടുള്ള പുസ്തകങ്ങളുൾപ്പെടെ നിരവധി പ്രശസ്ത ഗ്രന്ഥങ്ങളുടെ കർത്താവായ ഡോ. ചന്ദനപ്പള്ളി സഭാപിതാക്കന്മാരെക്കുറിച്ചുള്ള ഗവേഷണ പഠനഗ്രന്ഥങ്ങളും പുറത്തിറക്കിയിട്ടുണ്ട്. അവാർഡു നേടിയ ഇദ്ദേഹത്തെ സഭാ മാനേജിംഗ് കമ്മററി അനുമോദിക്കുകയുണ്ടായി.

## ഗീവർഗീസ്...

(5-ാം പേജിൽനിന്നും തുടർച്ച)

രൂപായിൽ 1500 രൂപാ കെ. എം. ചെറിയാൻ തന്നതാണ്.

ആ കോൺഫറൻസിനു് പങ്കെടുത്തു മടങ്ങിയപ്പോഴാണ് ഒരു ഡലിഗേഷനെ കേരളത്തിൽ കൊണ്ടുവരാൻ കഴിഞ്ഞതു് കേരളത്തിലെ ഓർത്തഡോക്സ് സഭയെക്കുറിച്ച് വിദേശസഭകൾക്കു് അറിവ് ഏറെ ഉണ്ടായതു് ആ വരവോടെയാണ്.

ബാവാ എൻെറ താല്പര്യ പ്രകാരം അവർക്കു് ക്ഷണക്കത്തയക്കുകയും ചെയ്തു. അതനുസരിച്ചാണവർ വന്നതു്. ഇത്തരം കാര്യങ്ങളിൽ ബാവാ ഏറെ ശ്രദ്ധ്ക്കാന്തി കാണിച്ചിരുന്നു. അതുകൊണ്ടു മാത്രമാണ് ലോകസഭാ കൗൺസിലിൻെറ സ്ഥാപകസഭകളിൽ ഒന്നാവാൻ നമുക്കു കഴിഞ്ഞതു്.

രണ്ടാംവത്തിക്കാൻ കൗൺസിലിലേയ്ക്കും ബാവാ എന്നെയാണ് അയച്ചതു്. ബാവായുടെ പ്രോത്സാഹനമാണ് എനിക്കു് ഏറെ പ്രവർത്തിക്കാനുള്ള പ്രചോദനം തന്നതു.

എക്യുമെനിസത്തിലുള്ള ബാവായുടെ താല്പര്യം വളരെയായിരുന്നു. ഒരിക്കൽ മർത്തോമ്മായിലെ യൂഹാനോൻ വലിയ മെത്രാപ്പോലീത്താ ബാവായോടൊപ്പം ഒരു ദിവസം ചെലവഴിക്കാൻ ആഗ്രഹിക്കുന്നു എന്നു് എന്നോടറിയിച്ചു.

ഞാൻ വിവരം ബാവായെ ധരിപ്പിച്ചു. ബാവായ്ക്കും സന്തോഷമായിരുന്നു ആ കൂടിക്കാഴ്ച

മെത്രാപ്പോലീത്താ വന്നു. രാവിലെ കാപ്പിമേശ ഒരുമിച്ചായിരുന്നു. മുറിയിലെ ഉച്ചനമസ്ക്കാരത്തിനു് മെത്രാപ്പോലീത്തായ്ക്കു കസേര നൽകി. ഉച്ചമേശയ്ക്കു് മെത്രാപ്പോലീത്തായ്ക്കുവേണ്ടി ഇറച്ചിയും മീനുമൊക്കെ ഒരുക്കി. ബാവായോടൊപ്പമിരുന്നു മെത്രാപ്പോലീത്താ ഇറച്ചി കഴിക്കുന്നതിൽ ബാവായ്ക്കു് തെല്ലും പ്രയാസമുണ്ടായിരുന്നില്ല.

പക്ഷെ വിശ്വാസകാര്യത്തിൽ ഒരു വിട്ടുവീഴ്ചയുമില്ല. അതിനാരെയും സമ്മതിക്കുകയുമില്ല. അതായിരുന്നു അദ്ദേഹത്തിൻെറ വ്യക്തിത്വം. മാതൃകയാക്കാൻ ഒട്ടനവധി കാര്യങ്ങൾ.

1988 ഡിസംബർ 15 വ്യാഴാഴ്ച, ദേവലോകം അരമനയിൽവച്ച് അഭി. തിരുമേനിയുമായി നടത്തിയ സംഭാഷണത്തിൽ നിന്നു്

തയ്യാറാക്കിയതു്–

ഷേബാലി







ഡോ. ജോയി പോൾ
കാലിഫോർണിയ

P. V. UKKURU Group of Companies

# JOSE PAUL TRADE LINKS

Sole Distributors for Tamil Nadu

- Techno Welding Electrodes
- PIP Crystal Filters

Authorised Stockist:

- Coromandel Cement (ISI)
- Texmo Cement (ISI)

# JOSE-PAUL-STEELS

Authorised Stockist:

***VISAKA Asbestos Cement Sheets (ISI)***

Authorised Stockist Traders:

***Steel Authority of India Ltd.***

Dealers In:

**All Types of M. S. Rounds, Tor Steel, Tiscon Bars, M. S. Angles, M. S. Flats, R. S. Joists, M. S. Channels, B. P. Sheets, H. R. Sheets, C. R. Sheets, G. I. Sheets, G. C. Sheets and all kinds of Hardware Materials.**

Head Office: Post Box 237, Coimbatore 641 001
Phone: 30804, 27450, 22926
15/1C Patel Road, Coimbatore 641 009

Branch:

T. D. West Road
Ernakulam
Cochin 11
Phone: 352634, Resi: 367591

14 Rangarajapuram First St,
Srinagar Colony,
Saidapet Madras 15
Phone: 41 7687

Edited & Published by Shebaly, Printed by Rev. C. K. Joseph Ramban on behalf of M. O. C. F. C. F. Printed at Archana Offset Printers Collectorate P. O. Kottayam-2 Manager Fr. Raju Varghese, Asst. Manager A. J. George, Circulation Asst. K. P. Jacob (Hon) Chief Editor Dr. Samuel Chandanappally, Associate Editor Fr. C. A. Issac, Office Address: Malankara Orthodox Herald Devalokam, Kottayam-686 038